REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 18-11-2025** **സമയം 06.45 AM**

## പ്രധാന വാർത്തകൾ

- ഇന്ത്യ വികസിതവും സ്വാശ്രയത്വമുള്ളതുമാകാൻ ആഗ്രഹിക്കുന്നുവെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.
- ഡൽഹിയിൽ ചുവപ്പുകോട്ടക്ക് സമീപത്തെ കാർ സ്ഫോടന കേസിൽ ഒരാളെ കൂടി ദേശീയ അന്വേഷണ ഏജൻസി അറസ്റ്റ് ചെയ്തു.
- തീവ്ര വോട്ടർപട്ടിക പരിഷ്ക്കരണത്തിന്റെ രണ്ടാംഘട്ടം ആരംഭിച്ച ശേഷം 50 കോടിയിലധികം എന്യൂമറേഷൻ ഫോമുകൾ വിതരണം ചെയ്തതായി തിരഞ്ഞെടുപ്പ് കമ്മീഷൻ.
- സംസ്ഥാനത്ത് തദ്ദേശ തിരഞ്ഞെടുപ്പിന് നാമ നിർദേശ പത്രിക സമർപ്പണം പുരോഗമിക്കുന്നു.
- ഏഷ്യ കപ്പ് ഫുട്ബോൾ യോഗ്യതാ റൗണ്ടിൽ ഗ്രൂപ്പ് C യിലെ അവസാന മത്സരത്തിൽ ഇന്ത്യ ഇന്ന് ബംഗ്ലാദേശിനെ നേരിടും.

## വാർത്തകൾ വിശദമായി

ഇന്ത്യ വികസിതവും സ്വാശ്രയത്വമുള്ളതുമാകാൻ ആഗ്രഹിക്കുന്നുവെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. ന്യൂഡൽഹിയിൽ ആറാമത് രാംനാഥ് ഗോയങ്ക പ്രഭാഷണം നടത്തുകയായിരുന്നു പ്രധാനമന്ത്രി.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)...

ശോഭനമായ ഭാവിയിലേക്ക് രാജ്യം ആത്മവിശ്വാസത്തോടെ നീങ്ങുകയാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. ഇന്ത്യയുടെ വളർച്ചാ മാതൃകയെ ലോകം പ്രതീക്ഷയോടെയാണ് കാണുന്നത്. 2022 ൽ യൂറോപ്യൻ പ്രതിസന്ധി ആഗോള വിപണികളെ മൊത്തം ബാധിച്ചെങ്കിലും ഇന്ത്യയുടെ സാമ്പത്തിക വളർച്ച ശക്തമായി തുടർന്നുവെന്നും മോദി പറഞ്ഞു. ആഗോള അസ്ഥിരതയുടെ പശ്ചാത്തലത്തിൽ ഈ വർഷവും രാജ്യത്തിന്റെ വളർച്ചാനിരക്ക് ഏഴ് ശതമാനത്തിൽ തുടരുകയാണെന്നും അദ്ദേഹം വ്യക്തമാക്കി.

ബിഹാറിലെ തിരഞ്ഞെടുപ്പ് ഫലത്തിന്റെ പാഠം ഉൾക്കൊള്ളാൻ എല്ലാ സംസ്ഥാന ഗവൺമെന്റുകളോടും പ്രധാനമന്ത്രി ആഹ്വാനം ചെയ്തു. ഇന്നത്തെ ഭരണരീതിയായിരിക്കും വരും വർഷങ്ങളിൽ രാഷ്ട്രീയ പാർട്ടികളുടെ ഭാവി നിർണയിക്കുകയെന്നും അദ്ദേഹം പറഞ്ഞു. കേന്ദ്ര- സംസ്ഥാന ഗവൺമെന്റുകൾ ഉയർന്ന മുൻഗണന നൽകേണ്ടത് വികസനത്തിനാണെന്നും, മികച്ച നിക്ഷേപ അന്തരീക്ഷം സൃഷ്ടിക്കുന്നതിലും വികസന മാനദണ്ഡങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നതിലും മത്സരിക്കാൻ സംസ്ഥാന ഗവണ്മെന്റുകളോട് പ്രധാനമന്ത്രി അഭ്യർത്ഥിച്ചു.

✪✪✪

വ്യാപാര ചരക്കുകളും സേവനങ്ങളും സംയോജിപ്പിച്ച് ഇന്ത്യയുടെ മൊത്തം കയറ്റുമതി 491.8 ബില്യൺ US ഡോളറിലെത്തിയതായി വാണിജ്യ മന്ത്രാലയം. ഏപ്രിൽ മുതൽ ഒക്ടോബർ വരെ കാലയളവിൽ കഴിഞ്ഞ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 4.8 ശതമാനമാണ് വർധിച്ചത്. വാണിജ്യ മന്ത്രാലയം പുറത്തുവിട്ട കണക്കുകൾ പ്രകാരം പ്രകാരം, വ്യാപാര ചരക്ക് ഇറക്കുമതിയും 6.37 ശതമാനം വർദ്ധിച്ചിട്ടുണ്ട്. പെട്രോളിതര കയറ്റുമതിയിലെ സ്ഥിരമായ വർധനയാണ് ആകെ വളർച്ചയ്ക്ക് പ്രധാന കാരണമായത്.

✪✪✪

ബിഹാറിൽ പുതുതായി തിരഞ്ഞെടുക്കപ്പെട്ട BJP MLA മാർ ഇന്ന് പട്നയിൽ യോഗം ചേർന്ന് നിയമസഭാകക്ഷി നേതാവിനെ തിരഞ്ഞെടുക്കും. തിരഞ്ഞെടുപ്പിൽ BJP 89 സീറ്റുകൾ നേടിയിരുന്നു. പാർട്ടി നിരീക്ഷകരും യോഗത്തിൽ പങ്കെടുക്കും. JDU നിയമസഭാ കക്ഷി നേതാവിനെ തിരഞ്ഞെടുക്കാൻ നാളെ പട്നയിൽ യോഗം ചേർന്നേക്കും. ഇന്നലെ ചേരേണ്ടിയിരുന്ന യോഗം മാറ്റിവെക്കുകയായിരുന്നു.

പുതുതായി തിരഞ്ഞെടുക്കപ്പെട്ട RJD MLA മാരുടെ യോഗം, ഇന്നലെ പട്നയിൽ ചേർന്നു. തേജസ്വി യാദവിനെ നിയമസഭാ കക്ഷി നേതാവായി തിരഞ്ഞെടുത്തു.

✪✪✪

ഡൽഹിയിൽ ചുവപ്പുകോട്ടക്ക് സമീപത്തെ കാർ സ്ഫോടന കേസിൽ ഒരാളെ കൂടി ദേശീയ അന്വേഷണ ഏജൻസി അറസ്റ്റ് ചെയ്തു. ഭീകരരുടെ പ്രധാന കൂട്ടാളി കശ്മീർ സ്വദേശി ജാസിർ ബിലാൽ വാണിയെയാണ് ശ്രീനഗറിൽ നിന്ന് NIA അറസ്റ്റു ചെയ്തത്. 10 നിരപരാധികളുടെ ജീവൻ അപഹരിക്കുകയും, 25 ഓളം പേർക്ക് പരിക്കേൽക്കുകയും ചെയ്ത ഭീകരാക്രമണത്തിന് ഇയാൾ സാങ്കേതിക സഹായം നൽകിയതായി NIA അറിയിച്ചു.

✪✪✪

തീവ്ര വോട്ടർപട്ടിക പരിഷ്ക്കരണത്തിന്റെ രണ്ടാംഘട്ടം ആരംഭിച്ച ശേഷം 50 കോടിയിലധികം എന്യൂമറേഷൻ ഫോമുകൾ വിതരണം ചെയ്തതായി തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. ഈ ഘട്ടത്തിൽ ഉൾപ്പെടുത്തേണ്ട 51 കോടി വോട്ടർമാരുടെ 98 ശതമാനമാണിത്.

ഈ മാസം 4-ന് ആരംഭിച്ച SIR രണ്ടാം ഘട്ടത്തിൽ ഒമ്പത് സംസ്ഥാനങ്ങളും മൂന്ന് കേന്ദ്രഭരണ പ്രദേശങ്ങളുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. എന്യൂമറേഷൻ ഫോം വിതരണം അടുത്ത മാസം 4 വരെ തുടരും.

✪✪✪

തീവ്ര വോട്ടർപട്ടിക പരിഷ്ക്കരണത്തിന്റെ ഭാഗമായി സംസ്ഥാനത്ത് ഇന്നലെ വൈകിട്ട് ആറു വരെ രണ്ട് കോടി 67 ലക്ഷത്തി 5,632 എന്യൂമെറേഷൻ ഫോമുകൾ വിതരണം ചെയ്തതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ U കേൽക്കർ അറിയിച്ചു. ഇത് കൃത്യമായ കണക്കല്ലെന്നും എല്ലാ BLO മാരും മുഴുവൻ ഡാറ്റയും അപ്‌ലോഡ് ചെയ്തിട്ടില്ലെന്നും യഥാർത്ഥ കണക്ക് ഇതിലും കൂടുതലാണെന്നും അദ്ദേഹം തിരുവനന്തപുരത്ത് പറഞ്ഞു.

✪✪✪

ഇന്ത്യ ബഹിരാകാശ രംഗത്ത് മറ്റു വികസിത രാജ്യങ്ങൾക്കൊപ്പമാണെന്ന് ISRO ചെയർമാൻ V നാരായണൻ പറഞ്ഞു. ബെംഗളൂരുവിൽ കൗൺസിൽ ഫോർ സയന്റിഫിക് ആൻഡ് ഇൻഡസ്ട്രിയൽ റിസർച്ചും, ISROയും സംയുക്തമായി സംഘടിപ്പിച്ച ബ്രെയിൻസ്റ്റോമിംഗ് സെഷനിൽ സംസാരിക്കുക യായിരുന്നു അദ്ദേഹം.

ഗഗൻയാൻ, ചന്ദ്രയാൻ 4 തുടങ്ങിയ ബഹിരാകാശ പദ്ധതികളിൽ മികച്ച ഫലങ്ങൾ നേടുന്നതിന് ഏകോപിതമായി പ്രവർത്തിക്കാൻ മാർഗ്ഗങ്ങൾ യോഗം ചർച്ച ചെയ്തു. പൊതു - സ്വകാര്യ മേഖലയിലെ സ്ഥാപനങ്ങൾ, വ്യവസായങ്ങൾ, അക്കാദമിക് വിഭാഗം എന്നിവയുമായി ഏകോപനം പുലർത്തുന്നതിന് ജോയിന്റ് സ്റ്റിയറിംഗ് കമ്മിറ്റി രൂപീകരിക്കാനും ISRO ചെയർമാൻ നിർദ്ദേശിച്ചു.

✪✪✪

2026 മാർച്ചിൽ നടക്കുന്ന SSLC, THSLC, പരീക്ഷകളുടെ രജിസ്ട്രേഷൻ ഇന്ന് ആരംഭിക്കുമെന്ന് പരീക്ഷാ കമ്മീഷണർ അറിയിച്ചു. രജിസ്ട്രേഷൻ നടപടികൾ ഈ മാസം 30-ന് മുൻപ് പൂർത്തിയാക്കേണ്ടതാണെന്ന് കമ്മീഷൻ നിർദ്ദേശിച്ചു.

✪✪✪

സംസ്ഥാനത്ത് നാളെ വരെ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ് അറിയിച്ചു. ശക്തമായ മഴസാധ്യത കണക്കിലെടുത്ത് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, മലപ്പുറം ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.

കേരള- ലക്ഷദ്വീപ് തീരങ്ങളിൽ മണിക്കൂറിൽ 55 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റുവീശാൻ സാധ്യതയുള്ളതിനാൽ മത്സ്യത്തൊഴിലാളികൾ കടലിൽ പോകരുതെന്നും നിർദ്ദേശമുണ്ട്.

✪✪✪

സംസ്ഥാനത്ത് തദ്ദേശ തിരഞ്ഞെടുപ്പിന് നാമ നിർദേശ പത്രിക സമർപ്പണം പുരോഗമിക്കുന്നു. ഈ മാസം 21 വരെയാണ് പത്രിക നൽകാനാവുക. 1,199 തദ്ദേശ സ്ഥാപനങ്ങളിലെ 23,576 വാർഡുകളിലേക്ക് അടുത്ത മാസം 9, 11 തീയതികളിൽ രണ്ട് ഘട്ടങ്ങളായാണ് വോട്ടെടുപ്പ്.

കോഴിക്കോട് ജില്ലയിൽ ഇന്നലെ 108 പേർ നാമനിർദ്ദേശ പത്രിക സമർപ്പിച്ചു. ആകെ 160 പത്രികകളാണ് ഇതുവരെ സമർപ്പിച്ചത്.

✪✪✪

തദ്ദേശ സ്ഥാപന തിരഞ്ഞെടുപ്പിന്റെ പ്രചാരണത്തിന് സമൂഹമാധ്യമങ്ങളിൽ പ്രചരിപ്പിക്കുന്ന ഉള്ളടക്കങ്ങളുടെ നിരീക്ഷണം ഊർജിതമാക്കാൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി. സാമൂഹ്യമാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുന്ന ഓഡിയോ, വീഡിയോ, ഡിസ്പ്ലേ, AI ജനറേറ്റഡ് കണ്ടന്റുകൾ എന്നിവ കർശനമായി പരിശോധിക്കും. ഇത് പാലിക്കുന്നു എന്ന് ഉറപ്പാക്കാൻ കലക്ടർമാരോട് കമ്മീഷൻ നിർദേശിച്ചു.

വ്യാജ കണ്ടന്റുകൾ കണ്ടെത്തുകയോ റിപ്പോർട്ട് ചെയ്യുകയോ ചെയ്താൽ മൂന്നു മണിക്കൂറിനുള്ളിൽ അത് നീക്കം ചെയ്യാൻ നിർദ്ദേശിക്കും. നീക്കം ചെയ്യാത്തപക്ഷം നിയമപരമായ നടപടികൾ സ്വീകരിക്കും.

✪✪✪

തദ്ദേശ സ്ഥാപനങ്ങളിലെ വാർഡ് വിഭജനവുമായി ബന്ധപ്പെട്ട് സംസ്ഥാന ഡീലിമിറ്റേഷൻ കമ്മീഷൻ പുറപ്പെടുവിച്ച അന്തിമ വിജ്ഞാപനങ്ങൾക്കെതിരായ എല്ലാ റിട്ട് അപ്പീലുകളും ഹൈക്കോടതി ഡിവിഷൻ ബെഞ്ച് തള്ളി. സിംഗിൾ ബെഞ്ച് വിധിക്കെതിരെ ഹർജിക്കാർ നൽകിയ അപ്പീലുകളാണ് ഹൈക്കോടതി തള്ളിയത്.

നിയമപരമായി നിലനിൽക്കുന്നതല്ലെന്ന കാരണത്താൽ 103 ഹർജികളാണ് സിംഗിൾ ബെഞ്ച് നേരത്തെ തള്ളിയത്. ഹർജികളിൽ ഉന്നയിച്ച പരാതികളെല്ലാം സമാന സ്വഭാവമുള്ളതാണെന്ന നിഗമനത്തിൽ കോടതി എല്ലാ ഹർജികളും ഒരുമിച്ചാണ് പരിഗണിച്ചത്. ഹർജികൾക്കെതിരായി ഡീലിമിറ്റേഷൻ കമ്മീഷൻ ഉന്നയിച്ച പ്രാഥമിക വാദങ്ങൾക്കെല്ലാം നിയമപരമായ സാധുത ഉണ്ടെന്ന് സിംഗിൾ ബെഞ്ചിന്റെ ഉത്തരവിൽ വ്യക്തമാക്കിയിരുന്നു.

✪✪✪

തദ്ദേശ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ആയുധ ലൈസൻസ് ഉടമകൾ ആയുധങ്ങൾ അതത് പൊലീസ് സ്റ്റേഷനുകളിൽ സറണ്ടർ ചെയ്യണമെന്ന് ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർ കൂടിയായ കോഴിക്കോട് ജില്ലാ കലക്ടർ ഉത്തരവിട്ടു. ബാങ്കിന്റെ പേരിലെ ആയുധ ലൈസൻസുകളിൽ ഉൾപ്പെട്ടവ, ബാങ്കുകളിലെ സുരക്ഷാ ഗാർഡുമാർ, റീട്ടെയിനറായി ജോലി ചെയ്യുന്നവർ, പ്രത്യേക അപേക്ഷ പ്രകാരം ഇളവ് അനുവദിച്ചവർ എന്നിവർ ഒഴികെയുള്ളവർ ആയുധങ്ങൾ സറണ്ടർ ചെയ്യണം.

✪✪✪

ഇടുക്കി ജില്ലയിൽ തദ്ദേശ തിരഞ്ഞെടുപ്പ് ജോലികൾക്കായി നിയോഗിച്ച ഉദ്യോഗസ്ഥരുടെ ആദ്യ ഘട്ട റാൻഡമൈസേഷൻ പൂർത്തിയായി. നിയമന ഉത്തരവുകൾ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ e-drop സൈറ്റ് വഴി ഉദ്യോഗസ്ഥർക്ക് ഡൗൺലോഡ് ചെയ്യാം. തദ്ദേശ സ്ഥാപന മേധാവികൾ, ഉദ്യോഗസ്ഥർ യഥാസമയം ഉത്തരവ് കൈപ്പറ്റുന്നുണ്ടെന്ന് ഉറപ്പാക്കണം.

✪✪✪

ഏഷ്യ കപ്പ് ഫുട്ബോൾ യോഗ്യതാ റൗണ്ടിൽ ഗ്രൂപ്പ് C യിലെ അവസാന മത്സരത്തിൽ ഇന്ത്യ ഇന്ന് ബംഗ്ലാദേശിനെ നേരിടും. ധാക്കയിലെ നാഷണൽ സ്റ്റേഡിയത്തിൽ രാത്രി 7:30 നാണ് മത്സരം.

✪✪✪

ഗോവയിൽ ഫിഡെ ചെസ്സ് വേൾഡ് കപ്പ് ആദ്യ ക്വാർട്ടർ ഫൈനൽ മത്സരത്തിൽ ഇന്ത്യൻ താരം അർജുൻ എറിഗൈസിയും, ചൈനയുടെ വെയ്-യി യുമായി നടന്ന മത്സരം സമനിലയിൽ. ഇന്നാണ് ക്ലാസിക്കൽ റൌണ്ട് മത്സരം.

✪✪✪

അഞ്ച് ദിവസത്തെ കണ്ണൂർ ജില്ലാ സ്കൂൾ കലോത്സവത്തിന് ഇന്ന് തുടക്കമാകും. കണ്ണൂർ നഗരത്തിലെ വിവിധ വേദികളിലായാണ് മത്സരങ്ങൾ .

കണ്ണൂരിൽ നിന്ന് KO ശശിധരൻ.

........(വോയ്സ്)................

✪✪✪

36-ാമത് ഇടുക്കി റവന്യൂ ജില്ലാ സ്കൂൾ കലോത്സവം മുരിക്കാശേരി സെന്റ് മേരീസ് ഹയർസെക്കൻഡറി സ്കൂളിൽ ജില്ലാപഞ്ചായത്ത് പ്രസിഡന്റ് രാരിച്ചൻ നീറണാക്കുന്നേൽ ഉദ്ഘാടനം ചെയ്തു. കലോത്സവത്തിനോടനുബന്ധിച്ച് നടത്തിയ ലോഗോ മത്സരത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ കരസ്ഥമാക്കിയ വിദ്യാർഥികൾക്ക് ചടങ്ങിൽ ട്രോഫിയും ക്യാഷ് അവാർഡും വിതരണം ചെയ്തു.

✪✪✪

ആകാശവാണി കോഴിക്കോട് നിലയത്തിലെ ജീവനക്കാരൻ PK രാജേഷ് ബാബു അന്തരിച്ചു. സംസ്കാരം ഇന്ന് സ്വദേശമായ വടകരയിൽ നടത്തും.

✪✪✪

പത്തനംതിട്ടയിൽ പൂരിപ്പിച്ച എന്യൂമറേഷൻ ഫോം വാങ്ങാൻ വീട്ടിലെത്തിയ ബൂത്ത് ലെവൽ ഓഫീസർക്ക് വളർത്തുനായയുടെ കടിയേറ്റു. മണിപ്പുഴയ്ക്ക് സമീപം തിരുവല്ല കടപ്ര സബ് രജിസ്ട്രാർ ഓഫീസിലെ ജീവനക്കാരി രശ്മിക്കാണ് ഇന്നലെ വൈകിട്ട് നായയുടെ കടിയേറ്റത്.

✪✪✪

---

*News Editor: പി ചന്ദ്രബാബു*
*News Reader: സബിത കെ*
*NRT: സാലിം*
*DEO: ഷീബ*